# കേരള സർക്കാർ

## ചെറുകിട ജലസേചന വകുപ്പ് സബ്ഡിവിഷൻ,കൊയിലാണ്ടി

## പുനർ ക്വട്ടേഷൻ/ക്വട്ടേഷൻ

നമ്പർ D 1-1245/2019(ക്വട്ടേഷൻ) തിയ്യതി 03.09.2020

കേരള ഗവർണ്ണർക്ക് വേണ്ടി താഴെ പറയുന്ന പ്രവൃത്തികൾക്ക് നിശ്ചിത യോഗ്യതയുള്ള കരാറുകാരിൽ നിന്നും പുനർ ക്വട്ടേഷൻ/ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു. പ്രവൃത്തിയുടെ പേര്, അടങ്കൽ തുക, നിരത ദ്രവ്യം, ക്വട്ടേഷൻ സ്വീകരിക്കുന്ന തീയതി, പ്രവൃത്തിയുടെ കാലാവധി എന്നിവ താഴെ കൊടുത്തിരിക്കുന്നു.

പുനർ ക്വട്ടേഷൻ

| ക്വട്ടേഷൻ നമ്പർ | പ്രവൃ ത്തിയുടെ പേര് | അടങ്കൽ തുക | നിരത ദ്രവ്യം | പ്രവൃത്തി തീർക്കേണ്ട കാലാവധി |
|---|---|---|---|---|
| എ.ഇ.ഇ/ എം.ഐക്യു-26/ 2020-21 | എസ്.ഡി.ആർ.എഫ്- കോഴിക്കോട് ജില്ലയിലെ പയ്യോളി മുനിസിപ്പാലിറ്റിയിലെ ചെത്തിൽകൈതോട് ഉപ്പുവെള്ള പ്രതിരോധ വി.സി.ബിയുടെ അറ്റകുറ്റ പ്രവൃത്തികൾ | 1,91,494/- രൂപ | 4800/- രൂപ | 4 മാസം |
| എ.ഇ.ഇ/ എം.ഐക്യു-27/ 2020-21 | എസ്.ഡി.ആർ.എഫ്- കോഴിക്കോട് ജില്ലയിലെ പയ്യോളി മുനിസിപ്പാലിറ്റിയിലെ ചള്ളയിൽ ഉപ്പുവെള്ള പ്രതിരോധ വി.സി.ബിയുടെ അറ്റകുറ്റ പ്രവൃത്തികൾ | 4,28,395/- രൂപ | 10800/- രൂപ | 4 മാസം |
| എ.ഇ.ഇ/ എം.ഐക്യു-28/ 2020-22 | എസ്.ഡി.ആർ.എഫ്- കോഴിക്കോട് ജില്ലയിലെ വളയം പഞ്ചായത്തിലെ ആലത്താംകണ്ടി വി.സി.ബിയുടെ അറ്റകുറ്റ പ്രവൃത്തികൾ | 2,84,387/- രൂപ | 7,200/- രൂപ | 4 മാസം |

ഫോറം നൽകുന്ന അവസാന തീയതി : 09/09/2020 ഉച്ചക്ക് 1 മണി വരെ

ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി :15/09/2020 വൈകുന്നേരം 3 മണി വരെ

കരാറുകാരുടെ ക്ലാസ്സ് :'ഡി'ക്ലാസ്സും അതിന് മുകളിലുമുള്ള രജിസ്ട്രേഷനുള്ളതും

പ്രമാണത്തിന്റെ മൊത്ത വില : ഇല്ല

ക്വട്ടേഷൻ പ്രമാണങ്ങളും മറ്റ് വിവരങ്ങളും 09/09/2020 ഉച്ചക്ക് 1 മണിവരെ കൊയിലാണ്ടി മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ ഓഫീസിൽ നിന്നും എല്ലാ പ്രവൃത്തി ദിവസങ്ങളിലും ലഭിക്കുന്നതാണ്. പൂനർ ക്വട്ടേഷൻ/ക്വട്ടേഷനിൽ പങ്കെടുക്കാനാഗ്രഹിക്കുന്ന കരാറുകാർ അവരുടെ കരാർ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ അസ്സൽ ഹാജരാക്കേണ്ടതാണ്. ക്വട്ടേഷൻ ഫോറം സമർപ്പിക്കുമ്പോൾ കരാർ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പാൻ കാർഡ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ ശരി പകർപ്പുകളും ഇ പേമെന്റിനുവേണ്ടി ബാങ്ക് അക്കൗണ്ട് നമ്പറും സമർപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ക്വട്ടേഷൻ നിരസിക്കുന്നതായിരിക്കും. പൂരിപ്പിച്ച ക്വട്ടേഷൻ പ്രമാണങ്ങൾ ആവശ്യമായ രേഖകൾ സഹിതം ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന ദിവസമായ 15/09/2020 ന് വൈകുന്നേരം 3 മണിക്ക് മുമ്പായി ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ കവറിനു പുറത്ത് പ്രവൃത്തിയുടെ പേര്, പൂർണ്ണമായ മേൽവിലാസം, ഫോൺ നമ്പർ മുതലായവ എഴുതേണ്ടതാണ്.

ദർഘാസ് പ്രമാണങ്ങൾ അംഗീകൃത കരാറുകാർക്ക് മാത്രം ലഭിക്കുന്നതും അവ കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാകുന്നു.നിരത ദ്രവ്യം പണമായി സ്വീകരിക്കുന്നതല്ല. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ അധികാരപ്പെടുത്തിയതും ആവശ്യമായ സ്റ്റാമ്പ് പതിച്ച് ഒപ്പിട്ടതുമായ നിരതദ്രവ്യം ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷനോടൊപ്പം നിർദ്ദിഷ്ട മാതൃകയിൽ 225 രൂപ വിലയുള്ള മുദ്രപത്രത്തിൽ പ്രാഥമിക എഗ്രിമെന്റ് സമർപ്പിക്കേണ്ടതാണ്. പ്രാഥമിക എഗ്രിമെന്റ് ചേർക്കാതെ സമർപ്പിക്കുന്ന ക്വട്ടേഷനുകൾ നിരസിക്കപ്പെടുന്നതാണ്. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന ദിവസമായ 15.09.2020 വൈകുന്നേരം 3.30 മണിക്ക് സന്നിഹിതരായുള്ള കരാറുകാരുടെ സാന്നിധ്യത്തിൽ ലഭ്യമായ ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും. ഏതെങ്കിലും കാരണവശാൽ ക്വട്ടേഷൻ ദിവസം അവധിയായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ക്വട്ടേഷൻ ദിവസമായി പരിഗണിക്കുന്നതാണ്. കേരള ജലസേചന വകുപ്പ് ക്വട്ടേഷനുകളെ സംബന്ധിച്ച് നിലവിലുള്ള എല്ലാ ചട്ടങ്ങളും നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്. കൂടാതെ യാതൊരു കാരണവശാലും കരാർ തുകയ്ക്ക് പലിശ നൽകുന്നതല്ല. കരാർ പണികളുടെ ബില്ലുകൾ നിർബന്ധമായും മുൻഗണനാചട്ടമനുസരിച്ചായിരിക്കും പാസ്സാക്കുന്നത്. കൂടുതൽ വിവരങ്ങൾ ഈ കാര്യാലയത്തിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ അന്വേഷിച്ച് അറിയാവുന്നതാണ്.

വത്സരാജൻ.കെ

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ, കൊയിലാണ്ടി

(കേരള ഗവർണ്ണർക്ക് വേണ്ടി)

പകർപ്പ്:-

1.എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ ഡിവിഷൻ കോഴിക്കോടിന്റെ അറിവിലേക്കായി സമർപ്പിക്കുന്നു.

2.അസിസ്റ്റന്റ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ സെക്ഷൻ വടകര/കൊയിലാണ്ടിക്ക്

3.ഹെഡ് ക്ലർക്ക്/നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന് .

4.സെക്രട്ടറി  പയ്യോളി മുനിസിപ്പാലിറ്റി നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിനു വേണ്ടി

5.അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി റോഡ് സബ് ഡിവിഷൻ കൊയിലാണ്ടിക്ക് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന് വേണ്ടി

6.അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി റോഡ് സബ് ഡിവിഷൻ കൊയിലാണ്ടിക്ക് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന് വേണ്ടി

7.സെക്രട്ടറി വളയം ഗ്രാമപഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിനു വേണ്ടി

8.പ്രവൃത്തി ഫയലിലേക്ക്

9.ഓഫീസ് ഫയലിലേക്ക്